**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5464** | **15-03-2023 - ൽ മറുപടിയ്ക്ക്**

**കേരള സവാരി ഓൺലൈൻ ടാക്സി സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേരള സവാരി എന്ന പേരിൽ ഓൺലൈൻ ടാക്സി സംവിധാനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | **സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന്റെ കീഴിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ കേരള സവാരി എന്ന ഓൺലൈൻ ഓട്ടോ ടാക്സി പദ്ധതി ആരംഭിച്ചിട്ടുണ്ട്.** |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയിൽ എത്ര ടാക്സികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും നാളിതുവരെയായി എത്ര സവാരി നടത്തിയിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) | **കേരള സവാരിയിൽ ആകെ 1552 ഓട്ടോകളും 340 ടാക്സികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിച്ചതിനു ശേഷം ആകെ 2234 റൈഡുകൾ നടത്തിയിട്ടുണ്ട് .** |
| (സി) | കേരള സവാരിയിൽ ഓൺലൈൻ ടാക്സി വിളിക്കുമ്പോൾ കിട്ടാറില്ല എന്നതും യൂബർ, ഓല പോലുള്ള ഓൺലൈൻ ടാക്സികളെ സഹായിക്കുന്നതിനാണ് ഇങ്ങനെ ചെയ്യുന്നതെന്നുമുള്ള വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | **കേരള സവാരിയിൽ ഓൺലൈൻ ടാക്സി വിളിക്കുമ്പോൾ കിട്ടാറില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ഡി) | എങ്കിൽ കേരള സവാരി പദ്ധതി കുറ്റമറ്റതാക്കി പരമാവധി ടാക്സികൾ ഇതിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനും ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | **പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരപരിധിയിൽ ആരംഭിച്ചിട്ടുള്ള കേരള സവാരിയിൽ നഗരപരിധിയിൽ മാത്രം ആകെ 1552 ഓട്ടോകളും 340 ടാക്സികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിച്ചതിനു ശേഷം ആകെ 1023 യാത്രക്കാർ ഇത് ഉപയോഗിച്ച് 2234 റൈഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഓട്ടോ ടാക്സി സ്റ്റാൻഡുകൾ കേന്ദ്രീകരിച്ച് ജീവനക്കാർ നേരിട്ട് എത്തി ഡ്രൈവർമാരെ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടുതൽ ജനങ്ങളെ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് റെയിൽവേ സ്റ്റേഷനുകൾ, ബസ്സ്റ്റാന്റ്, ഫ്ളാറ്റുകൾ, ഷോപ്പിംഗ് മാളുകൾ, ആശുപത്രികൾ, എയർപോർട്ട് എന്നിവ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ